Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്

ദൈവത്തിന്റെ വചനം

# THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ<br>പ്രമാണം<br>ആവശ്യമാണ്<br>‘എങ്കിൽ’... | മനുഷ്യർക്ക്<br>അധികാരം<br>ഉണ്ട്<br>‘എങ്കിൽ’... | ഏതെങ്കിലും<br>പേർ<br>മതി<br>‘എങ്കിൽ’... | രക്ഷ<br>സഭയ്ക്കു<br>പുറത്ത് ഉണ്ട്<br>‘എങ്കിൽ’... | നിങ്ങൾ രക്ഷ<br>മാറ്റി<br>വെക്കുന്നു<br>‘എങ്കിൽ’... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

| Vol. 26 | July 2012 | No.4 |
|---|---|---|

# എഡിറ്റോറിയൽ

ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യന്റെ പ്രത്യേകത നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. മൃഗങ്ങളിൽനിന്നു മനുഷ്യരെ പ്രത്യേകതയുള്ളവരാക്കുന്നത് ഭൗതികമായ ആകാരത്തിലല്ല. ഉദാഹരണമായി മൃഗങ്ങൾക്ക് നാല് കാലുകളും മനുഷ്യർക്ക് രണ്ട് കാലുകളുമാണുള്ളത്. അതേപോലെ പക്ഷികൾക്ക് ചിറകുകളുണ്ട്, നമുക്ക് ചിറകുകളില്ല. നമുക്ക് എല്ലാവർക്കും ഓരോ വ്യക്തിത്വമുണ്ടെന്നതും അത് ആത്മികമാണെന്നതും നമ്മെ പ്രത്യേകതയുള്ളവരാക്കുന്നു. വേറൊരുവിധത്തിൽ പറഞ്ഞാൽ ദൈവികത്വത്തോടും മനുഷ്യത്വത്തോടുംകൂടെയാണ് ഒരു ശിശു ലോകത്തിൽ ജനിക്കുന്നത്. ദൈവജ്ഞാനം അതു നമ്മെ പഠിപ്പിക്കുന്നു. ബാഹ്യമായ നമ്മുടെ രൂപം ക്ഷയിക്കുന്നതും ആന്തരികമായത് ക്ഷയിക്കാത്തതുമാണ്. നമ്മിലുള്ള ആന്തരിക മനുഷ്യനാണ് നിലനിൽക്കുന്ന ലക്ഷ്യബോധം ഉള്ളത്. പുറമെയുള്ള രൂപത്തിന്റെ ഉദ്ദേശം താൽക്കാലികമാണ്. എല്ലാവരും ആ യാഥാർത്ഥ്യം മനസിലാക്കിയിട്ടില്ല എന്നതാണ് സത്യം.

ആന്തരിക മനുഷ്യനെ ദൈവികസ്വഭാവത്തിൽ വളർത്തുവാനാണ് നമ്മിൽ ദൈവാത്മാവിനെ നൽകിയിരിക്കുന്നത്. പക്ഷെ പാപം ലോകത്തിൽ വന്നതുമുതൽ മനുഷ്യന് വിവേചനാശക്തി ശരിയായി പ്രവർത്തിക്കാതെ വന്നു. അതായത് നന്മയും തിന്മയും തമ്മിൽ വേർതിരിച്ച് നന്മമാത്രം ചെയ്യുവാനുള്ള കഴിവ് നമുക്ക് ഇല്ലാതെയായി. അതുകൊണ്ടാണ് ദൈവസഹായം നമുക്ക് ആവശ്യമായി വന്നിരിക്കുന്നത്. ദൈവം നൽകിയ സ്വതന്ത്ര ചിന്താഗതി നാം ഉപയോഗിക്കുന്നതിന് നമുക്ക് ഒരു നടത്തിപ്പ് അനിവാര്യമായി തീർന്നു. ദൈവത്തിലുള്ള ആശ്രയം മനുഷ്യർക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ഒരു കുട്ടിക്ക് അപ്പന്റെ സഹായം ആവശ്യ

മായിരിക്കുന്നതുപോലെ ഈ ലോകജീവിതം ശുഭമായിരിക്കുവാൻ നമുക്ക് ദൈവം കൂടെയുണ്ടാകണം. ദൈവത്തിന്റെ ചട്ടങ്ങളും വിധികളും നമ്മുടെ ജീവിതഭാഗമായി മാറണം. ഒരു ചടങ്ങായി ദൈവത്തിന്റെ കൽപനകളെ നാം കാണരുത്. മഹത്തായ വാഗ്ദാനങ്ങൾ അവൻ മനുഷ്യർക്ക് നൽകിയിട്ടുള്ളത് നാം തിരിച്ചറിയണം. ലോകവും മനുഷ്യർക്ക് മോഹനവാഗ്ദാനം നൽകും. പക്ഷെ നാം രണ്ടും വേർതിരിച്ച് കാണണം. സത്യവും അസത്യവും നന്മയും തിന്മയും തരംതിരിച്ച് മനസിലാക്കണം. ദൈവവചനവുമായി ഏതൊരു കാര്യവും പരിശോധിക്കുവാൻ പറഞ്ഞിരിക്കുന്നത് അതിനുവേണ്ടിയാണ്. അത് ഓരോരുത്തരുടേയും ഉത്തരവാദിത്വത്തിൽ പെടുന്നതാണ്. നാം അപകടത്തിൽ ചെന്നു ചാടാതിരിക്കുന്നതിന് ദൈവം ധാരാളം മുന്നറിയിപ്പുകൾ തന്നിട്ടുണ്ട്. അവയും നാം മനസിലാക്കണം. ബൈബിൾ വായന അതിനുള്ളതാണ്. വെറുതെ വായിച്ചതുകൊണ്ട് പ്രയോജനം കിട്ടുകയില്ല. വായിക്കുന്നത് നാം ഗ്രഹിക്കണം.

നമ്മുടെ ജീവിതം ശരിയാക്കി എടുക്കുവാൻ ദൈവം രണ്ട് സ്ഥാപനങ്ങൾ ഈ ലോകത്ത് മനുഷ്യർക്കായി സ്ഥാപിച്ചിരിക്കുന്നു. അതിലൊന്ന് ഭൗതികമായ കുടുംബം. നമ്മളെല്ലാവരും കുടുംബത്തിൽ ജനിച്ചു വളരുന്നു.പിന്നീട് ഭാര്യയും ഭർത്താവും അമ്മയും അപ്പനും ആകുന്നു. അവ ഓരോ പ്രായത്തിൽ ഏറ്റെടുക്കുന്ന ഉത്തരവാദിത്തമാണ്.. അന്യോന്യമുള്ള ബന്ധം ശരിയാക്കുവാനാണ് ആ ഉത്തരവാദിത്തങ്ങൾ. നൽകിയിട്ടുള്ളത്. ദൈവത്തിൽനിന്നു ലഭിച്ച നിർദ്ദേശങ്ങളനുസരിച്ചാണ് നാം അവ പാലിക്കേണ്ടത്. സ്വന്ത ഇഷ്ടമനുസരിച്ചായിരിക്കരുത് എന്നർത്ഥം. നമ്മുടെ ജീവിതത്തിൽ നേരിടുന്ന ഏതു വെല്ലുവിളികളെയും അതിജീവിക്കുവാൻ യേശുക്രിസ്തു നമുക്ക് കാണിച്ചുതന്ന മാതൃക നാം സ്വീകരിക്കണം. വീട്ടിലുള്ള നമ്മുടെ ജീവിതം ശരിയായ രീതിയിൽ ഓരോരുത്തരും പാലിച്ചാൽ ആത്മിയമായി ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതുപോലെ നമുക്ക് ജീവിക്കുവാൻ കഴിയും.

ഒരു സ്ത്രീയായാലും പുരുഷനായാലും ദൈവത്തിൽ വിശ്വസിക്കുകയും പരസ്പരം വിശ്വസിക്കുകയും വേണം. ദൈവവചനത്തിൽ ആശ്രയിച്ച്, പാപത്തിൽനിന്ന് വിട്ടുതിരിഞ്ഞ്, മാനസാന്തരപ്പെട്ട്, ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിച്ച് ഏറ്റു പറഞ്ഞ്, പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുകയും ചെയ്യണം. അപ്പോൾ കർത്താവ് ആ വ്യക്തിയെ ആത്മിയമായി രക്ഷിക്കും. തുടർന്ന് മരണത്തോളം അവനെ ആരാധിച്ച് സേവിച്ച് വിശ്വസ്തമായി ജീവിക്കണം. ഇതാണ് ദൈവേഷ്ടം.

# കർത്തൃമേശ

## *J.C.* ചോട്ട്

പുതിയനിയമ കാലയളവിൽ ദൈവം പ്രസാദിക്കുന്ന ആരാധന ഒന്നു മാത്രമാണ്. അതായത് സർവ്വമനുഷ്യരും ദൈവത്തെ മഹത്വപ്പെടുത്തുകയും നമസ്ക്കരിക്കുകയും ചെയ്യണം എന്നതാണ് ദൈവേഷ്ടം. ഏകസത്യദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണം എന്നത് ദൈവകൽപനയാണ്. സ്വേഛാരാധന ദൈവം സ്വീകരിക്കുകയില്ല. നാം എന്തു ചെയ്താലും അത് കർത്താവിന്റെ ഹിതപ്രകാരം വേണം ചെയ്യുവാൻ. കാരണം അവനാണ് ഇന്ന് സകല അധികാരവും ഉള്ളത്. പാട്ട്, പ്രാർത്ഥന, പ്രസംഗം, കർത്തൃമേശ, ധർമ്മശേഖരം എന്നീ ഘടകങ്ങളാണ് പുതിയനിയമാരാധനയുടെ ഭാഗമായി നാം വായിക്കുന്നത്. ഇവ ഓരോന്നും ആരാധനയുടെ ഭാഗങ്ങളായി ഉപയോഗിച്ചിരിക്കുന്നത് അങ്ങനെതന്നെ ആളുകൾ സ്വീകരിക്കണം. അതിനെ മാറ്റം വരുത്തുവാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. മാറ്റം വരുത്തുന്നത് പാപവുമാണ്.

ഈ ലേഖനത്തിൽ നാം നോക്കുന്നത് കർത്തൃമേശയെ കുറിച്ചാണ്. മറ്റെന്തിനേക്കാളും നാം പരിശോധിക്കേണ്ടത് ദൈവവചനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നാണ്. കാരണം അന്തിമ തീർപ്പ് വചനത്തിനാണെന്ന കാര്യം നാം വിസ്മരിക്കരുത്. പുതിയനിയമാരാധനയുടെ ഭാഗമാണ് കർത്താവിന്റെ മേശ. അത് എന്തിനുവേണ്ടിയാണ്, അതിൽ എന്തെല്ലാം ഉൾപ്പെടുന്നു എന്നെല്ലാം നമുക്ക് നോക്കേണ്ടതായിട്ടുണ്ട്. യേശു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ കൽപിച്ചതും തന്റെ അനുയായികളായ ശിഷ്യന്മാർ പിൻപറ്റേണ്ടതുമായ ഒരു ഓർമ്മ പെരുന്നാളാണ് കർത്തൃമേശ. നാം മുൻപോട്ട് പോകുന്നതിനുമുൻപ് നമുക്ക് മത്തായി 26:26–28 വായിക്കാം: "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു, വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേകർക്കായി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തി

നുള്ള എന്റെ രക്തം." അപ്പം ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് തന്റെ ശരീരത്തിന്റെ ഓർമ്മക്കായി അത് ഭക്ഷിപ്പിൻ എന്നു പറഞ്ഞിരിക്കുന്നത് എത്ര ലളിതമായ പ്രസ്താവനയാണ് എന്നോർക്കുക.

പിന്നെ അവൻ പാനപാത്രം എടുത്ത് പറഞ്ഞു, പുതിയനിയമത്തിൽ പാപമോചനത്തിനായി ചൊരിയുന്ന രക്തത്തെ പ്രതിനിധാനം ചെയ്യുന്നതാണ് പാനപാത്രം. അവന്റെ രക്തത്തിന്റെ ഓർമ്മക്കായിട്ടാണ് അതിൽനിന്നു കുടിക്കേണ്ടത്. എല്ലാ കർത്തൃദിവസങ്ങളിലും ഓരോ ക്രിസ്ത്യാനിയും കൂടിവരുമ്പോൾ കർത്താവിന്റെ യാഗത്തെ അനുസ്മരിക്കണം. അതിനുശേഷം പുതിയനിയമസഭ ആരംഭിച്ച ശേഷം സഭയിലുള്ളവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്തുവിനോടുള്ള കൂട്ടായ്മയുമായുള്ള ബന്ധത്തിൽ അത് എപ്രകാരം എടുക്കണമെന്ന് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു:"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏൽപിക്കയും ചെയ്തത് എന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി. ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും."

കർത്താവ് കൽപിച്ചിരുന്നതുപോലെയായിരുന്നില്ല കൊരിന്ത്യർ കർത്തൃമേശ കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ട് പൗലൊസ് അത് എപ്രകാരം എടുക്കണമെന്ന് ദൈവശ്വാസിയമായി സംസാരിക്കുകയായിരുന്നു. അത് ഇന്നും അവന്റെ ശിഷ്യന്മാരായിരിക്കുന്നവർ പൂർണ്ണഗൗരവത്തോടെ കൈക്കൊള്ളേണ്ടതാകുന്നു. അപ്പം

നമ്മുടെ വിശപ്പ് മാറ്റുന്നതിനോ, വീഞ്ഞ് ലഹരി പിടിപ്പിക്കുന്നതിനോ വേണ്ടിയല്ല എടുക്കുവാൻ പറഞ്ഞിരുന്നത്. അത് ആചരിക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശത്തെയും എടുക്കേണ്ട രീതിയെയും അപ്പൊസ്തലൻ വെളിപ്പെടുത്തിയിരിക്കുകയാണ്. താൻ ഇത് കർത്താവിൽനിന്നു പ്രാപിച്ചു എന്നു പറഞ്ഞിട്ടാണ് താഴെ പറയുന്ന പോയിന്റുകൾ അവൻ പറഞ്ഞിരിക്കുന്നത്:

(1) തന്നെ കാണിച്ചുകൊടുത്ത രാത്രിയിൽ കർത്താവ് തന്നെയാണ് ഇത് സ്ഥാപിച്ചത്.

(2) തങ്ങൾക്ക് വേണ്ടി നുറുക്കപ്പെട്ട ശരീരത്തിന്റെ ഓർമ്മക്കായിട്ടായിരുന്നു അപ്പം അവർ ഭക്ഷിക്കേണ്ടത്.

(3) പാനപാത്രം എടുത്ത് എങ്ങനെ അത് തന്റെ രക്തത്തിന്റെ ഓർമ്മക്കായി എടുക്കണം എന്നു പറഞ്ഞു.

(4) അത് ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്ന ഒരു ഓർമ്മ വിരുന്നായിട്ടാണ് പറഞ്ഞിരിക്കുന്നത്.

(5) അപ്പവും പാനപാത്രവും അയോഗ്യമായി കൈകാര്യം ചെയ്താൽ അവർ ക്രിസ്തുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരനാകും.

(6) ഇത് എടുക്കുവാൻ ഞാൻ യോഗ്യനാണോ എന്ന് ഓരോരുത്തരും അവനവനെത്തന്നെ പരിശോധിക്കണം.

(7) തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാതിരുന്നാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു.

അപ്പൊസ്തലൻ പറഞ്ഞിരിക്കുന്ന പോയിന്റുകൾ മനസിരുത്തി ശ്രദ്ധയോടെ നാം പഠിക്കണം. നമ്മുടെ ഈ പഠനം നാം തുടരുമ്പോൾ ധാരാളം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കൂടിവരുന്ന ആളുകളുടെ എണ്ണത്തിനനുസരിച്ച് നാം അപ്പവും പാനപാത്രവും എടുക്കുന്ന പാത്രം ഒന്നിലധികം ഉപയോഗിക്കുന്നതിൽ തെറ്റില്ല. അതുപോലെ ഒന്നിലധികം അപ്പം എടുക്കുന്നതും തെറ്റല്ല. അക്ഷരികമായി വാക്യങ്ങളെ എടുത്ത് അതിന്റെ ഉദ്ദേശത്തെ കാണാതിരിക്കുന്നതാണ് തെറ്റ്. നിരവധി ആളുകൾ ഇത്തരത്തിൽ തെറ്റായി നയിക്കപ്പെടുന്നുണ്ട്. പിശാച് ആളുകളെ വഞ്ചിക്കുന്നതിൽ ഒന്നാണ് ഇത്. നിസാരമായ കാര്യങ്ങളെ ചൊല്ലി തർക്കിക്കുകയും അതിന്റെ യഥാർത്ഥ മൂല്യത്തെ കാണാതിരിക്കുകയും ചെയ്യുന്നത്

എത്ര വേദകരമാണ്! കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിക്കുക മാത്രമല്ല, കർത്തൃമേശ ആചരിക്കുന്നതിലൂടെ കർത്താവ് വീണ്ടും വരുമെന്ന് നമ്മെ ഓർപ്പിക്കുകയും ചെയ്യുന്നു. അതിനാൽ കർത്തൃമേശ ഓർമ്മിക്കുന്നതും ഓർപ്പിക്കുന്നതുമായ ഒരു കൽപനയാണ്.

കർത്തൃമേശയിൽനിന്നു പങ്കെടുക്കുന്ന ഓരോ വ്യക്തിക്കും കഴിഞ്ഞ ആഴ്ച്ചയിലെ തന്റെ ജീവിതത്തെ പരിശോധിക്കുവാനുള്ള ഒരു അവസരം കൂടെയാണ് ലഭിക്കുന്നത്. അത് വ്യക്തിപരമായ മാന സാന്തരത്തിനുള്ള അവസരം കൂടെയാണ്. തന്റെ ആത്മിയ ജീവിതം വിശ്വസ്തമായിരുന്നോ എന്ന് വിവേചിക്കുവാൻ കഴിയുന്നു. കർത്താ വിന് നിരക്കാത്തതായി ഒന്നും തന്നിൽനിന്നുണ്ടായിട്ടില്ലെങ്കിൽ, തന്റെ മനസാക്ഷിയും ദൈവവുമായുള്ള ബന്ധം ശരിയാണെങ്കിൽ, തീർച്ച യായും മേശയിൽനിന്നു പങ്കെടുക്കാം. എങ്ങനെയാണെങ്കിലും തന്റെ ജീവിതത്തിൽ എന്തെങ്കിലും പാകപ്പിഴകളുണ്ടായിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കിയിട്ടുവേണം എടുക്കുവാൻ. പാപം ഉള്ളിൽ വെച്ച് കർത്തൃ മേശ എടുക്കുന്നത് കുറ്റകരമാണ്. മാനസാന്തരപ്പെടാതെ തുടർച്ച യായി കർത്തൃമേശ എടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ അയാൾ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് ശിക്ഷാവിധി തിന്നു കയും കുടിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് കർത്തൃ മേശ ഗൗരവമുള്ളതായി കാണണം എന്നു പറയുന്നത്.

നാം ചെയ്യുന്ന ഏതു കാര്യവും ദൈവത്തെ പ്രസാദിപ്പിക്കുന്ന തിനായിരിക്കണം. ആരാധനയും അപ്രകാരമായിരിക്കണം. ചില ആളു കൾക്ക് മാത്രമാണ് കർത്തൃമേശ മറ്റുള്ളവർക്ക് പാടില്ല എന്ന് കർശന മായി പ്രതിപാദിക്കുന്നവരുണ്ട്. എന്നാൽ ദൈവകൽപന എല്ലാ വർക്കുമുള്ളതാണ്. കർത്താവ് എല്ലാവർക്കും വേണ്ടിയാണ് യാഗ മായി തീർന്നത്. നമുക്ക് കർത്തൃമേശയിൽനിന്ന് ആരേയും മാറ്റി നിർത്തുവാൻ അവകാശമില്ല. അയാളെ സത്യം പഠിപ്പിക്കയും അയാൾ അത് അനുസരിക്കുവാനുള്ള അവസരം നൽകുകയുമാണ് വേണ്ടത്. വിശുദ്ധീകരണം എല്ലാവർക്കുമുള്ളതാണ്. ദൈവത്തോട് അടുക്കുവാൻ അത് കൂടിയേ തീരു. കർത്താവ് രക്തം ചിന്തിയത് നമ്മുടെ ശുദ്ധീകരണത്തിനാണ്.

# സങ്കീർത്തനങ്ങൾ സ്തുതിഗീതങ്ങളാണ്

## ഡോൺ ലീ

വളരെ പ്രചാരത്തിലിരിക്കുന്ന പുസ്തകമാണ് സങ്കീർത്തനങ്ങൾ. അതിന്റെ തലവാചകം ഗ്രീക്ക് വാക്കായ *പ്സാൽ-മോൾ* എന്നതിൽനിന്നാണ് ലഭിച്ചിരിക്കുന്നത്, അതിനർത്ഥം "കീർത്തനങ്ങൾ" എന്നാണ്. അതിന്റെ എബ്രായ വാക്ക് ടെഹ്ല്ല്-ലിം എന്നാണ്, അർത്ഥം "സ്തുതികൾ" എന്നാണ്.

ആകെ 150 കീർത്തനങ്ങളാണുള്ളത്. അവയിൽ 73 ദാവീദും, 12 ആസാഫും, 12 കോരയുടെ മക്കളും, 2 ശലോമോനും, 1 മോശെയും 1 ഏഥാനും എഴുതിയിരിക്കുന്നു, ബാക്കി വരുന്ന 49 എഴുതിയത് ആരാണെന്ന് നമുക്ക് അറിയില്ല.

സങ്കീർത്തന പുസ്തകങ്ങളെ അഞ്ചുപുസ്തകങ്ങളായിട്ടാണ് അറിയപ്പെടുന്നത്. അവ ഇങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്:അദ്ധ്യായങ്ങൾ 1 മുതൽ 41 വരെ പുസ്തകം 1 ആയും; അദ്ധ്യായങ്ങൾ 42 മുതൽ 72 വരെ പുസ്തകം, 2 ആയും; അദ്ധ്യായങ്ങൾ 73 മുതൽ 89 വരെ പുസ്തകം 3 ആയും; അദ്ധ്യായങ്ങൾ 90 മുതൽ 106 വരെ പുസ്തകം 4 ആയും; അദ്ധ്യായങ്ങൾ 107 മുതൽ 150 വരെ പുസ്തകം 5 ആയും ആയി തിരിച്ചിരിക്കുന്നു.

നിരവധി വർഷങ്ങളെടുത്തു പല എഴുത്തുകാരാൽ എഴുതപ്പെട്ടതുകൊണ്ട് സങ്കീർത്തനപുസ്തകങ്ങളായി ക്രമേണ ചേർത്ത് യെഹൂദന്മാരുടെ ആരാധനയിൽ ഉപയോഗിച്ചു വന്നിരുന്നു. എന്തുകൊണ്ടാണ് അവ ഇങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നത് എന്നു നമുക്ക് അറിയില്ല. ഏതാണ്ട് 2000 വർഷങ്ങളിലധികമായി അവ ഇങ്ങനെ തന്നെയാണ് കാണപ്പെടുന്നത്. മറ്റു പഴയനിയമ പുസ്തകങ്ങൾ ഉദ്ധരിച്ചിരിക്കുന്നതിലധികമായി പുതിയ നിയമത്തിൽ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. സങ്കീർത്തനം പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നത് പുതിയ നിയമത്തിൽ ഒരു വാക്യം മാത്രമാണ്:"നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നുവല്ലോ"(പ്രവൃത്തികൾ 13:33). അത് സങ്കീർത്തനങ്ങൾ 2 ഉദ്ധരിച്ചതാണ്. പുതിയ നിയമത്തിൽ ഇതിനു

പുറമെ 115 ഉദ്ധരണികളുണ്ട്.

പഴയനിയമത്തെ യെഹൂദന്മാർ, ന്യായപ്രമാണ പുസ്തകം, പ്രവാചകന്മാരുടെ പുസ്തകങ്ങൾ, മറ്റു രണ്ട് എഴുത്തുകളും എന്നു വിളിച്ചിരുന്നു. അവ ദൈവത്തെ പുകഴ്ത്തുന്നതുകൊണ്ടോ അല്ലെങ്കിൽ, അവ പദ്യങ്ങളായതുകൊണ്ടോ, അല്ലെങ്കിൽ അവയിലുള്ള ആശ്വാസം കാരണമോ, അനേകർക്ക് സങ്കീർത്തനപുസ്തകങ്ങൾ വളരെ ഇഷ്ടമാണ്.

**അദ്ധ്യായം 1:മതഭക്തന്റേയും ദുഷ്ടന്റേയും അന്തരം**

1. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും ജീവിക്കുന്ന മനുഷ്യൻ എത്ര ഭാഗ്യവാൻ!

2. യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തിൽ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.

3. അവൻ ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും.

4. ദുഷ്ടന്മാർ അങ്ങനെയല്ല, അവർ കാറ്റു പാറ്റുന്ന പതിർപോലെയത്രെ.

5. ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നുനിൽക്കുകയില്ല.

6. യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു. ദുഷ്ടന്മാരുടെ വഴിയോ നാശകരം തന്നെ.

അദ്ധ്യായം 1 ൽ എഴുത്തുകാരന്റെ പേർ നാം കാണുന്നില്ല. പിന്നീട് യിസ്രായേലിന്റെ രാജാവായി തീർന്ന ദാവീദാണ് അത് എഴുതിയതെന്ന് ചിലർ കരുതുന്നു, വേറെ ചിലർ കരുതുന്നത്, അവന് മുൻപ് ജീവിച്ചിരുന്ന എസ്രാ ആണെന്നാണ്. അവ ശരിയാണോ അല്ലയോ, ആരാണ് ശരിയായ എഴുത്തുകാരൻ എന്നത് അപ്രസക്തമാണ്. അതുകൊണ്ട് അതിനെ കുറിച്ച് നാം വിചാരപ്പെടേണ്ട. ഉപദേശപരമായ നിർദ്ദേശങ്ങൾ നൽകുന്നതാണ് ഒന്നാം അദ്ധ്യായം. അതിനെ രണ്ടായി ഭാഗിക്കാം. (1) ദൈവഭക്തന്റെ ഭാഗ്യാവസ്ഥ(വാക്യങ്ങൾ 1 മുതൽ 3 വരെ). (2) അഭക്തന്റെ നിർഭാഗ്യാവസ്ഥ.

ഈ അദ്ധ്യായത്തിലെ മുഖ്യവാക്കുകളെ ഞാൻ നോക്കുവാൻ

ആഗ്രഹിക്കുന്നു.വാക്യം 1 ൽ നാം "ഭാഗ്യം" എന്ന വാക്ക് കാണുന്നു, അതിന് സന്തോഷം എന്ന അർത്ഥവുമുണ്ട്. ആ മനുഷ്യൻ എത്ര ഭാഗ്യവാൻ, അല്ലെങ്കിൽ സന്തോഷവാൻ എന്നു നാം പറയും. "ദുഷ്ടൻ" എന്ന വാക്കും അതോടൊപ്പം ഉപയോഗിച്ചിട്ടുണ്ട്. അനീതിയുള്ളവൻ, അധാർമ്മികൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. "വഴി" എന്നത് നടപ്പിനെ സൂചിപ്പിക്കുന്നു. "ഇരിപ്പിടം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആശ്വാസയാത്രയാണ്. "പാപികൾ" ക്രൂരമായ കുറ്റവാളികളാണ്. ദൈവത്തിനെതിരായും മനുഷ്യർക്കെതിരായും പ്രവർത്തിക്കുന്നവരാണവർ. "പരിഹാസികൾ" മറ്റുള്ളവരെ പരിഹസിക്കുന്നവർ" നീതിമാന്മാരുടെ സ്വഭാവത്തെയും നീതികെട്ടവരുടെ സ്വഭാവത്തെയും ഇവിടെ വേർതിരിച്ചു കാണിച്ചിരിക്കുന്നു.

വാക്യം 2 ൽ സന്തോഷം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ആഗ്രഹിക്കുക, സുഖിക്കുക എന്ന് അർത്ഥം വരുന്നതാണ് ആ വാക്ക്. ദൈവത്തിന്റെ വഴിയിൽ അഥവാ ന്യായപ്രമാണത്തോടുള്ള മനോഭാവമാണ് നമ്മെ സന്തോഷിപ്പിക്കുന്നത്. അതിനാലാണ് ന്യായപ്രമാണത്തിൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നു പറഞ്ഞിരിക്കുന്നത്. ഒരാളുടെ ഉള്ളിലേക്ക് വചനം എത്തുമ്പോൾ, ആ വ്യക്തിക്കുണ്ടാകുന്ന അനുഭുതി മറ്റൊന്നിൽനിന്നും ലഭിക്കുകയില്ല. ദൈവത്തെ അന്വേഷിക്കയും വചനത്തെ ആരായുകയും ചെയ്യുമ്പോഴാണ് അത് സംഭവിക്കുന്നത്. രാവും പകലും ദൈവത്തിന്റെ ചട്ടങ്ങളെ ധ്യാനിക്കുക എന്നു പറഞ്ഞാൽ വായിച്ച് അതിനെ കുറിച്ച് ചിന്തിക്കുക എന്നർത്ഥം. അപ്പോൾ വചനം നമ്മോട് സംസാരിക്കും. ദൈവത്തോടുള്ള ആശയവിനിമയത്തിൽ പെടുന്നതാണ് അത്.

വാക്യം 3 ൽ നാം നീരുറവയെ കുറിച്ച് വായിക്കുന്നു. നമ്മളെല്ലാവരും ശുദ്ധജലം കുടിക്കുന്നവരാണ്. ശുദ്ധജലത്തിന്റെ ഉറവിടം ഒരു ഉറവയാണ്. ദൈവം നമ്മുടെ ഉറവയാണ് ദൈവത്തിൽനിന്നാണ് നമുക്ക് എല്ലാം ലഭിക്കുന്നത്. ഒരു വൃക്ഷത്തിന്റെ ഇല വാടാതിരിക്കണമെങ്കിൽ അതിന് ജലവും കാലാവസ്ഥയും അനുകൂലമാകണം. അതിന് നമുക്ക് ദൈവസഹായം ആവശ്യമാണ്. തക്ക കാലത്ത് വൃക്ഷം ഫലം പുറപ്പെടുവിക്കേണ്ടതിന് ഈ ഘടകങ്ങളെല്ലാം ആവശ്യമാണ് എന്ന് സാമാന്യബുദ്ധിയുള്ള ആർക്കും മനസിലാകും. അതായത് സാഹചര്യങ്ങൾ അനുകൂലമായി തക്ക സമയത്ത് വൃക്ഷം ഫലം

കായ്ക്കും എന്ന് നമുക്ക് അറിയാം. വൃക്ഷത്തിന് ഒരു ഇല മാത്രമല്ല, ധാരാളം ഇലകളുണ്ട്, അതുപോലെ ഒരു ഫലമല്ല, നിരവധി ഫലങ്ങളായിരിക്കും പുറപ്പെടുവിക്കുക. ആറ്ററികത്ത് നട്ടിരിക്കുന്നതു സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നതുപോലെ, ദൈവഭക്തിയിൽ ജീവിക്കുന്ന ആൾ സമൃദ്ധമായി അനുഗ്രഹിക്കപ്പെടും. അവർ ചെയ്യുന്നതൊക്കെയും സാധിക്കും.

വാക്യം 4 ൽ കാറ്റ് എന്ന് വാക്ക് ഉപയോഗിച്ചിരിക്കുന്നു. വായു, ചലനം എന്നീ അർത്ഥങ്ങളുള്ളതായിട്ടാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. വാക്യം 3 ൽ പറഞ്ഞിരിക്കുന്ന നീതിമാന്മാരെ പോലെയല്ല വാക്യം 4 ലെ ദുഷ്ടന്മാർക്ക് പതിർ പാറ്റിക്കളയുന്നതു പോലെയാണ് സംഭവിക്കുന്നത്. ആ വാക്യം നമ്മെ മത്തായി 7:24 –27 ആണ് ഓർപ്പിക്കുന്നത്."ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യൻ ആകുന്നു. വൻമഴ ചൊരിഞ്ഞു, നദികൾ പൊങ്ങി കാറ്റ് അടിച്ചു, ആ വീട്ടിന്മേൽ അലെച്ചു. അത് പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോട് തുല്യനാകുന്നു. അവന്റെ വീഴ്ച്ച വലിയതായിരുന്നു.

വാക്യം 5 ഉം 6 ഉം ന്യായവിസ്താരത്തെ കുറിച്ചും ന്യായവിധിയെ കുറിച്ചും പറയുന്നു. ന്യായവിസ്താരം എല്ലാവർക്കുമുള്ളതാണ്. ദൈവം നീതിമാനായതുകൊണ്ട് നീതിയുള്ള വിധിയായിരിക്കും ഉണ്ടായിരിക്കുക. സഭ നീതിമാന്മാർക്കുള്ളതാണ്. അവിടെ അനീതിയുള്ളവർക്ക് സ്ഥാനമില്ല. ദൈവത്താൽ നീതീകരിക്കപ്പെടുന്നവരാണ് യഥാർത്ഥ നീതിമാന്മാർ. പുതിയനിയമപ്രകാരം പാപങ്ങളിൽനിന്നു മോചിതരായവരാണ് സഭയോട് ചേർക്കപ്പെടുന്നത്. ക്രിസ്തു മരിച്ചത് സഭ പണിയുവാനാണ്. ദൈവത്തിന്റെ ഉദ്ദേശമാണ് കർത്താവ് നിറവേറ്റിയത്. ധാർമ്മികമായും ആത്മികമായും ദൈവം നീതിമാന്മാരുടെ വഴി അറിയുന്നു. അവർക്ക് ദൈവം ഒരു മുട്ടും വരുത്തുകയില്ല. അവരെ അവൻ സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യും എന്നത് ദൈവികമായ വാഗ്ദത്തമാണ്. ആ വാഗ്ദാനത്തിൽ നമുക്ക് വിശ്വസിക്കാം.

✶

# ശരിയായ പരിശോധന

## ക്ലെം തർമൻ

നമ്മിൽ മിക്കപേരും മൂല്യം ഇഷ്ടപ്പെടുന്നവരാണ്. പക്ഷെ നമ്മുടെ വിലയ്ക്ക് സാധനങ്ങൾ കിട്ടണം. നമ്മുടെ പണത്തിന്റെ വില പരമാവധി നമുക്ക് ലഭിക്കണം. അതിനോടൊപ്പം പല വസ്തുതകളും മനസിലേക്ക് വരും. വില ശരിയായതാണോ? അത് നീണ്ട് നിൽക്കുന്നതാണോ? അത് കാണുവാൻ നന്നായിരിക്കുമോ? അത് നമ്മുടെ സമൂഹത്തിന് സഹായകരമാണോ? അത് വീടായാലും, കാറായാലും, പുതിയ വസ്ത്രങ്ങളായാലും, മറ്റു വീട്ടുപകരണങ്ങളായാലും അങ്ങനെ പരിശോധിക്കും. എന്നാൽ അവയെക്കാളെല്ലാം ഉപരിയായി ചോദിക്കേണ്ട ഒരു ചോദ്യമാണ്, അത് പ്രയോജനപ്പെടുമോ? ഈ ചോദ്യത്തിനുള്ള ഉത്തരം നിഷേധരൂപത്തിലുള്ളതാണെങ്കിൽ മറ്റെല്ലാ ചോദ്യങ്ങളും അപ്രസക്തമാകും.

ഒരു വാഹനത്തിന്റെ കാര്യത്തിലാണെങ്കിൽ, അതെത്ര മനോഹരമാണെങ്കിലും, അത് ഓടുന്നില്ലെങ്കിൽ, ഒരു കാര്യവുമില്ല. ഒരു ഫ്രിഡ്ജ് വിലപേശലിൽ കുറഞ്ഞ വിലക്ക് കിട്ടിയാലും അത് സാധനങ്ങൾ തണുപ്പോടെ സൂക്ഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. ഏതൊരു വസ്തുവായാലും അത് ഉപയോഗിക്കുവാൻ പറ്റുന്നതല്ലെങ്കിൽ അത് വിലയില്ലാത്തതാണ് എന്ന് നാം പറയും. ഓരോ വസ്തു വാങ്ങുമ്പോഴും അതിന്റെ പ്രായോഗിക ഉപയോഗം നാം പരിശോധിക്കും. അതിന്റെ ഉദ്ദേശം നിറവേറ്റണം എന്നർത്ഥം. നമുക്ക് ഉള്ളതെല്ലാം നാം അങ്ങനെ വാങ്ങിയതാണല്ലോ. മതപരമായ കാര്യവും ഇതിൽനിന്നു വ്യത്യസ്തമല്ല. അത് അതിന്റേതായ നേട്ടം കൈവരിക്കുമോ? ഏതൊരു മതമായാലും നാല് വിധത്തിലുള്ള പരിശോധനക്ക് വിധേയമാക്കണം. നമുക്ക് ആ നാല് പരിശോധനകൾ ഓരോന്നായി നോക്കാം.

**ഒന്നാമതായി രൂപാന്തര പരിശോധന**

അപ്പൊസ്തലനായ പൗലൊസ് എഴുതി, " സഹോദരന്മാരേ, ദൈവത്തിന്റെ മനസലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി

സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ"(റോമർ 12:1, 2). നിങ്ങളുടെ മതം നിങ്ങളെ ഒരു നല്ല വ്യക്തിയാക്കണം-ഒരു .നല്ല ഭാര്യ, ഒരു നല്ല ഭർത്താവ്, ഒരു നല്ല പിതാവ്, ഒരു നല്ല മാതാവ്, ഒരു നല്ല ജോലിക്കാരൻ, ഒരു നല്ല ജോലി ദാതാവ്, ഒരു നല്ല അയൽക്കാരൻ, ഒരു നല്ല പൗരൻ തുടങ്ങിയവ പരിശോധനക്ക് വിധേയമാക്കണം.

യോഹന്നാൻ സ്നാപകൻ യേശുവിന്നു വഴി ഒരുക്കുവാൻ വന്നപ്പോൾ, പ്രസംഗിച്ചത്, "സ്വർഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നായിരുന്നു. തന്റെ അടുക്കൽ സ്നാനം ഏൽക്കുവാൻ വന്നവരോട് യോഹന്നാൻ മാനസാന്തരപ്പെടുവാൻ ആവശ്യപ്പെട്ടു. മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുവാൻ അവൻ ആവശ്യപ്പെട്ടു(മത്തായി 3:8, 9). "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും" എന്ന് യേശു വളരെ ലളിതമായി അറിയിച്ചു. ക്രിസ്തു മരിച്ചു അടക്കപ്പെട്ടു ഉയർത്തെഴുന്നേറ്റു. അത് നമുക്ക് വേണ്ടിയായിരുന്നു. അതുകൊണ്ട് നാം ഇനി നമുക്ക് വേണ്ടിയല്ല ജീവിക്കേണ്ടത്, നമുക്ക് വേണ്ടി ജീവിക്കുന്ന കർത്താവിന്നു വേണ്ടി ആയിരിക്കണം(2കൊരിന്ത്യർ 5:15). കള്ളൻ കക്കുന്നത് നിർത്തുന്നതാണ് മാനസാന്തരം(എഫെസ്യർ 4:28). ഭോഷ്ക്ക് പറയുന്നവൻ അത് ഉപേക്ഷിച്ച് സത്യം സംസാരിക്കണം( കൊലൊസ്യർ 3:9, 10). ദുർന്നടപ്പുകാരൻ തന്റെ ദുർന്നടപ്പു വിട്ട് നിർമ്മലമായ ജീവിതം നയിക്കണം(1കൊരിന്ത്യർ 6:9, 11).

അപ്പൊസ്തലനായ പൗലൊസ് പറഞ്ഞതുപോലെ നാം ഈ ലോകത്തിന് അനുരൂപപ്പെടാതെ മനസ് പുതുക്കി രൂപാന്തരപ്പെടണം.ലോകനിലവാരത്തിൽനിന്നും ഉയർന്ന നിലവാരത്തിൽ ജീവിക്കുവാനാണ് നമുക്ക് വിശ്വാസം ഉണ്ടാകേണ്ടത്. നിങ്ങളുടെ മതം ലോകനിലവാരത്തിൽനിന്നു നിങ്ങളെ ഉയർത്തുന്നില്ലെങ്കിൽ അത് പരിശോധനയിൽ പരാജയപ്പെടും. നാം എന്തു വിശ്വസിക്കുന്നു എന്നും ആരാണെന്നും തെളിയിക്കുന്നതാണ് നമ്മുടെ ജീവിതം. മതവും ജീവിതവും രണ്ടായി മാറ്റിനിർത്തുന്നത് പ്രായോഗികമല്ല. ലോകത്തിൽ വെളിച്ചമായി ജീവിച്ച യേശു തന്റെ ശിഷ്യന്മാർ ലോകത്തിൽ വെളിച്ചമായി തീരുമെന്ന് പറഞ്ഞു. ലോകം ഇരുട്ടിലാണ്. അവർക്ക് പ്രകാശം

ആവശ്യമാണ്. യേശുവിൽനിന്നു വെളിച്ചം സ്വീകരിച്ച് മറ്റുള്ളവരിലേക്ക് ആ പ്രകാശം വ്യാപിക്കണം. സൽപ്രവൃത്തികളാണ് ആളുകൾ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തേണ്ടത്(മത്തായി 5:16). നിങ്ങളുടെ വാക്കും നടപ്പും ആളുകൾ വീക്ഷിക്കും. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനോട് "നീ വാക്കിലും നടപ്പിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക" എന്നു പറഞ്ഞത്(1തിമൊഥെയൊസ് 4:12). വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വ്യത്യാസം അവരുടെ ജീവിതമായിരിക്കും. മറ്റുള്ളവർക്ക് പിൻപറ്റാവുന്ന മാതൃക നിങ്ങളുടെ മതം നൽകുന്നില്ല എങ്കിൽ നിങ്ങളുടെ മതം പരിശോധനയിൽ പരാജയപ്പെട്ടു.

**വ്യക്തിപരമായ തൃപ്തി പരിശോധിക്കൽ**

രണ്ടാമത്തെ പരിശോധയാണ് എന്റെ മതപരമായ ഭക്തി എന്നെ വ്യക്തിപരമായി തൃപ്തിപ്പെടുത്തുന്നുണ്ടോ എന്നത്. അത് അത്ര പ്രാധാന്യമുള്ള പരിശോധന അല്ലെങ്കിലും, അതിനു വിലയുണ്ട്. കാരണം നമ്മുടെ മനസിനിണങ്ങാത്ത മതപരമായ കാര്യങ്ങൾ നമ്മെ തൃപ്തിപ്പെടുത്തുകയില്ല. യേശു സമാധാനപ്രഭുവാണ്. അവൻ തരുന്ന സമാധാനം ലോകം തരുന്നതുപോലെയുള്ളതല്ല. നമ്മുടെ ആത്മാവിനെ തണുപ്പിക്കുന്നതും ജീവിപ്പിക്കുന്നതുമായ അവസ്ഥയിലേക്ക് നമ്മെ നയിക്കുന്നത് കർത്താവാണ്(യെശയ്യാവ് 9:6). ദുർമ്മനസാക്ഷി നീങ്ങിയാൽ മാത്രമെ നമ്മുടെ മനസാക്ഷി നമ്മെ കുറ്റപ്പെടുത്താതിരിക്കയുള്ളു. നിങ്ങളുടെ മതം നിങ്ങളിൽ വ്യക്തിപരമായി സമാധാനം തരുന്നുണ്ടോ? ഇല്ലെങ്കിൽ പരിശോധനയിൽ പരാജയപ്പെട്ടു എന്നർത്ഥം. നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കു തന്നെ ഇരിക്കട്ടെ. താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ(റോമർ 14:22).

നല്ല മനസാക്ഷിയുണ്ടാകുവാൻ സഹായിക്കുന്നതാകണം യഥാർത്ഥ മതം(പ്രവൃത്തികൾ 24:16). ബൈബിളിൽ പാപമോചനത്തിനുള്ള സ്നാനം അഥവാ രക്ഷക്കായുള്ള സ്നാനം നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ വെച്ചിരിക്കുന്നത്(1പത്രൊസ് 3:21). നിങ്ങളുടെ വിശ്വാസം നിങ്ങളെ വാസ്തവത്തിൽ സന്തോഷമുള്ളവനാക്കുന്നുണ്ടോ? യഥാർത്ഥ നേട്ടം അതിൽനിന്നുണ്ടാകുന്നുണ്ടോ? നാം സന്തോഷമുള്ളവരാകുവാൻ ദൈവം ആഗ്രഹിക്കു

ന്നു. തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നത്, സന്തോഷിപ്പിൻ എന്നാണ്. വാസ്തവത്തിലുള്ള ദൈവഭക്തിക്കു മാത്രമെ നമ്മെ സന്തോഷിപ്പിക്കുവാൻ കഴിയു. ദൈവത്തിൽനിന്നു മാത്രമെ ശരിയായ സന്തോഷം ലഭിക്കുകയുള്ളു

**സത്യത്തിന്റെ പരിശോധനയാണ് മൂന്നാമത്തേത്.**

നിങ്ങളുടെ മതം എന്തെല്ലാം ചെയ്താലും, അത് സത്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ലെങ്കിൽ, നിങ്ങൾക്ക് ആവശ്യമുള്ളവ അതിന് നൽകുവാൻ കഴിയുകയില്ല. അത് അന്ധവിശ്വാസത്തിന്മേലോ മാനുഷപാരമ്പര്യത്തിന്മേലോ അടിസ്ഥാനപ്പെടുത്തിയതാകരുത്. കർത്താവ് കൽപിച്ചു, "സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും"(യോഹന്നാൻ 8:32). പിന്നീട് യേശു പറഞ്ഞു, "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"(യോഹന്നാൻ 14:6). ന്യായപ്രമാണം മോശെ മുഖാന്തരം നല്കി, കൃപയും സത്യവും യേശു മുഖാന്തരം വന്നു(യോഹന്നാൻ 1:17). പാരമ്പര്യത്തെ ഉപേക്ഷിക്കുന്നുവെന്ന ആരോപണത്തിന് യേശു മറുപടി പറഞ്ഞു, "നിങ്ങളുടെ പാരമ്പര്യംകൊണ്ട് നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കുന്നത് എന്ത്?"(മത്തായി 15:7-9).

അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തുവാൻ പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാരിൽ അയക്കുമെന്ന് കർത്താവ് അരുളിച്ചെയ്തിരുന്നു. തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്ക് ദാനമായി നൽകിയിരിക്കുന്നു(2പത്രൊസ് 1:3). ആത്മീയഗോളത്തിൽ മനുഷ്യന് ആവശ്യമായ സകല സത്യവും അടങ്ങുന്നതാണ് ബൈബിൾ. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് സത്യം. പലരും വിചാരിക്കുന്നത് തങ്ങൾക്ക് എങ്ങനെയും ആരാധിക്കാം എന്നാണ്. പക്ഷെ ദൈവം ഏകനും അവനെ ആരാധിക്കുന്നവർ അവന്റെ ഇഷ്ടപ്രകാരം ആരാധിക്കയും വേണം(യോഹന്നാൻ 4:24). നിങ്ങളുടെ മതത്തിലെ ആരാധന തിരുവചനത്തിൽ ദൈവം ആജ്ഞാപിച്ചതുപോലെ ആണോ? മനുഷ്യരുടെ ഉപദേശപ്രകാരമുള്ള ആരാധന വെറുതെയാണെന്ന് കർത്താവായ യേശു പറഞ്ഞിരിക്കുന്നു. പരിശോധിക്കുക.

**അന്തിമ വിധിയെ കുറിച്ചുള്ള പരിശോധന**

ആദ്യത്തെ മൂന്നു പരിശോധനകളിൽനിന്നു വ്യത്യസ്തമായ ഒന്നാണ് ഭാവിയിൽ നടക്കുവാനിരിക്കുന്ന അവസാന വിധി. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക, "നിങ്ങളോ മനുഷ്യർ കഴിക്കുന്ന ഏതു വിസ്താരത്തിലോ എന്നെ വിധിക്കുന്നത് എനിക്ക് എത്രയും ലഘുകാര്യം. ഞാൻ എന്നെത്തന്നെ വിധിക്കുന്നതുമില്ല. എന്നെ വിധിക്കുന്നതു കർത്താവാകുന്നു"(1കൊരിന്ത്യർ 4:4. ) ഒരു വ്യക്തിയുടെ ജീവിതം ദൈവത്തിന് പ്രസാദകരമല്ല എങ്കിൽ അവൻ ഏതു മതപ്രകാരം ജീവിച്ചാലും അവസാനത്തെ വലിയ പരിശോധനയിൽ അവൻ പരാജയപ്പെടും. യേശു ലോകത്തിൽ വന്നത് ലോകത്തെ രക്ഷിപ്പാനത്രെ. അവൻ ആരെയും വിധിച്ചില്ല. പക്ഷെ അവൻ പറഞ്ഞു, "എന്റെ വചനങ്ങളെ തള്ളിക്കളഞ്ഞ് എന്നെ തള്ളിക്കളയുന്നവനെ ഞാൻ വിധിക്കുന്നില്ല. ഞാൻ സംസാരിച്ച വചനങ്ങൾ തന്നെ അവനെ അവസാനനാളിൽ ന്യായം വിധിക്കും"(യോഹന്നാൻ 12:48).

എന്റെ മതം എത്ര പ്രചാരമുള്ളതായാലും, എത്രമാത്രം ആളുകൾ അതിലുണ്ടായാലും, ഞാൻ അവസാനം ന്യായവിധി നാളിൽ കർത്താവിനെ അഭിമുഖീകരിക്കുമ്പോൾ, ന്യായവിധിക്കുശേഷം നിത്യനരകത്തിലേക്ക് തള്ളപ്പെടുകയാണെങ്കിൽ, അതിനു മറ്റാരെയും പഴിച്ചിട്ട് കാര്യമില്ല. ഞാൻ തന്നെയാണ് അതിനുത്തരവാദി. മനുഷ്യർക്ക് ഒരേ ഒരു രക്ഷിതാവും മദ്ധ്യസ്ഥനുമാണുള്ളത്. അത് കർത്താവായ യേശുക്രിസ്തുവാണ്. അവനിൽ വിശ്വസിക്കുന്ന ആരും ലജ്ജിച്ചുപോകയില്ല. പാപം വിട്ടുകളയുകയും വേണം. മാനസാന്തരപ്പെട്ട് ക്രിസ്തു ദൈവപുത്രനാണെന്ന് രക്ഷക്കായി ഏറ്റുപറയുകയും പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുകയും വേണം. അത്രയും ചെയ്യുമ്പോൾ കർത്താവ് നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് ഒരാൾ മരണത്തോളം വിശ്വസ്തമായ ജീവിതം നയിക്കണം. പിന്നീട് മരിച്ചാലും നാം ജീവിക്കും. ഇതാണ് ദൈവേഷ്ടം. ആത്മാവിനെ ദൈവത്തിൽ ഏൽപിക്കേണ്ട ഉത്തരവാദിത്വം നമ്മിലുണ്ട്.

✶

# ആശ്രയമാണ് നയിക്കുന്നത്

## മൈക്ക് ബെൻസൺ

മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ആശ്രയം. ദൈവത്തിലുള്ള ആശ്രയം ആണ് തിരിച്ചറിവിലെത്തിയ ഓരോ വ്യക്തിക്കും ആദ്യം വേണ്ടത്. പിന്നീട് പരസ്പരമുള്ള ആശ്രയം. നമ്മെ ജീവിതത്തിൽ മുന്നേറുവാൻ സഹായിക്കുന്ന ഘടകമാണ് ഇത്. ദൈവത്തിൽ ആശ്രയിക്കയും ദൈവം തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. വിശ്വാസം എന്നത് വളരെ പ്രധാനമായ ഒന്നാണ്. അതിലുപരി പൂർണ്ണമായ ആശ്രയം നമുക്ക് ഉണ്ടെങ്കിൽ നിരാശപ്പെടേണ്ടിവരികയില്ല. യേശുവിന്റെ അടുക്കൽ വന്ന ആരെയും യേശു നിരാശയോടെ പറഞ്ഞു വിട്ടില്ല. കർത്താവേ ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തിന് സഹായിക്കേണമേ എന്ന് ഒരാൾ കർത്താവിനോട് അപേക്ഷിക്കുകയുണ്ടായി(മർക്കൊസ് 9:24).

സമ്മർദ്ദവും പിരിമുറുക്കവും നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ദൈവം നമ്മോട് പറഞ്ഞിരിക്കുന്നത് ഒന്നിനെകുറിച്ചും വിചാരപ്പെടരുത്, സകലവും അപേക്ഷയാലും അഭയയാചനയാലും ദൈവത്തോട് അപേക്ഷിക്കയത്രേ വേണ്ടത്. അമിതമായ ഉൽക്കണ്ഠ നമുക്ക് ആവശ്യമില്ല. നാളെയെ കുറിച്ചോ ഭാവിയെ കുറിച്ചോ നാം വിചാരപ്പെട്ടതുകൊണ്ട് നമുക്ക് അതിനു മാറ്റം വരുത്തുവാൻ കഴിയുകയില്ല. ദൈവമാണ് എല്ലാറ്റിനേയും നിയന്ത്രിക്കുന്നതെന്ന ബോധ്യം നമ്മിൽ വേണം. നമ്മുടെ ജീവിതത്തിൽ കഷ്ടനഷ്ടങ്ങളുണ്ടാകും. അപ്പോൾ നമ്മുടെ വികാരം ഉണരും. നാം അതിനെ കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കും. പക്ഷെ പോയത് തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് കഴിയുകയില്ല. ദൈവത്തിന് സർവ്വവും സാധ്യമത്രെ. അതിലെല്ലാം ദൈവത്തിന്റെ ഉദ്ദേശത്തെ നാം തിരിച്ചറിയണം. ദൈവസന്നിധിയിൽ പിതാക്കന്മാരുടെ കാലത്ത് വിശ്വാസിയായി ജീവിച്ച അബ്രഹാം വിശ്വാസികളുടെ പിതാവായി തീർന്നു. കാരണം അവൻ ദൈവം കൽപിച്ചതെല്ലാം അങ്ങനെ തന്നെ അനുസരിച്ചു. അബ്രഹാം ദൈവത്തിന്റെ അനുഗ്രഹത്തെ മുൻകണ്ടിരുന്നു. അതായിരുന്നു അവന്റെ വിശ്വാസജീവിതത്തിന്റെ പ്രത്യേകത.

അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി നയിക്കപ്പെട്ടവനായിരുന്നിട്ടുപോലും അവനുണ്ടായ അനുഭവം വിവരിക്കുന്നത് ശ്രദ്ധിക്കുക, "ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, ഒരിക്കൽ കല്ലേറു കൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു, കാട്ടിലെ ആപത്ത്, നദികളിലെ ആപത്ത് നേരിട്ടു. അദ്ധ്വാനം, പ്രയാസം, പലവട്ടം പട്ടിണി, ഉറക്കിളപ്പ്, ശീതം, നഗ്നത തുടങ്ങിയ അസാധാരണ സംഗതികളെ കൂടാതെ എനിക്ക് ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ടായിരുന്നു(2 കൊരിന്ത്യർ 11:23-27). നമ്മുടെ ജീവിതത്തിൽ ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. ദൈവത്തിലുള്ള വിശ്വാസമാണ് ലോകത്തെ ജയിക്കുവാൻ നമുക്ക് വേണ്ടത്.

പഴയനിയമകാലത്ത് ഹബക്കൂക്ക് പ്രവാചകൻ നൽകിയ സന്ദേശം വളരെ പ്രയോജനപ്രദമത്രെ. "അത്തിവൃക്ഷം തളിർക്കുകയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായി പോകും; നിലങ്ങൾ ആഹാരം വിളയിക്കുകയില്ല. ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലികൾ ഉണ്ടാകുകയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ച് ഉല്ലസിക്കും. യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു; അവൻ എന്റെ കാൽ പേടമാൻകാൽ പോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു"(ഹബെക്കൂക്ക് 3:1719). ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായി തന്നെ നടപ്പാൻ നോക്കുവിൻ(എഫെസ്യർ 5:15). നമ്മുടെ ഭാവിയെ സംബന്ധിച്ചും ദൈവം ന്യായം പ്രവർത്തിക്കുന്നവനാണ്. ഇന്നോ നാളെയോ ഞങ്ങൾ വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുമെന്ന് പറയുന്നവരേ കേൾപ്പിൻ, നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ അൽപ നേരത്തേക്ക് കാണുന്നതും പിന്നെ മാഞ്ഞുപോകുന്നതുമായ ആവിയല്ലോ(യാക്കോബ് 4:13-15).

# വഞ്ചിക്കുന്ന പ്രേരണ പത്ഥ്യോപദേശത്തിന് എതിര്

## ഓവൻ ബി. മോസ്ലി

ആശയവിനിമയം സമൂഹത്തിൽ എല്ലാവർക്കും ആവശ്യമാണ്. പക്ഷെ രണ്ട് വിധത്തിലാണ് അത് മുഖ്യമായും നടക്കുന്നത്. തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ആശയവിനിമയവും ശരിയായത് ചെയ്യുവാൻ പ്രേരിപ്പിക്കുന്ന സംഭാഷണവും നടക്കുന്നു. ആദ്യ സംഭാഷണം നടക്കുന്നത് ദൈവവും മനുഷ്യരും തമ്മിലാണ്. സൃഷ്ടികർത്താവായ ദൈവം മനുഷ്യനന്മ ആഗ്രഹിച്ച് കൽപനകൾ നൽകി. അവർക്ക് അപ്രകാരം ജീവിക്കാമായിരുന്നു. പക്ഷെ അവർ ദൈവത്തിന്റെ വാക്കുകളേക്കാൾ സർപ്പത്തിന്റെ വാക്കുകൾ വിശ്വസിച്ചു. അങ്ങനെ അവർ പരപ്രേരണയാൽ പാപം ചെയ്തു ദൈവത്തിന്റെ സന്നിധാനത്തിൽനിന്നകന്നുപോയി. ദുഷ്പ്രേരണ നമ്മുടെ നന്മക്കാണെന്ന് തോന്നും, എന്നാൽ അതിന്റെ അനന്തരഫലം ദൂരവ്യാപകമാണെന്ന് അപ്പോൾ അറിയുകയില്ല. ഇന്നും ലോകം അനുഭവിക്കുന്ന ദുരിതത്തിന്റെ കാരണം അതു തന്നെയാണ്. വഞ്ചന നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കഴിയുന്നു.

വശീകരണവാക്കുകൊണ്ട് ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ ഞാൻ ഇതു പറയുന്നു എന്ന് പൗലൊസ് കൊലൊസ്യരോട് പറഞ്ഞിരിക്കുന്നു(കൊലൊസ്യർ 2:4). പൗലൊസ് അവർക്ക് കൊടുത്ത നിർദ്ദേശങ്ങൾ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നവയായിരുന്നു. പുറമെ ആകർഷണിയമെന്ന് തോന്നിക്കുന്ന വാക്കുകളാൽ പലരും ചതിക്കപ്പെടുന്നുണ്ട്. പക്ഷെ നാം നമ്മുടെ ബുദ്ധിയെ ദൈവത്തിൽ കേന്ദ്രീകരിച്ച് വിവേകമുള്ളവരാകണം. ആത്മികമായി വിവേചിക്കുവാൻ നമുക്ക് ദൈവസഹായം വേണം. അതിന് നാം ദൈവത്തിലുള്ള വിശ്വാസം ഉറപ്പാക്കണം. പലപ്പോഴും പിശാച് ആളുകളെ വഞ്ചിക്കുന്നത് തിരുവെഴുത്തിലെ ഒരു ഭാഗം മാത്രം എടുത്തുകൊണ്ടായിരിക്കും. മറുവശത്ത്

മറ്റൊരു സത്യമുണ്ട് എന്ന കാര്യം നാം മറക്കരുത്. തിരുവെഴുത്തുകളാണ് നമ്മെ നയിക്കേണ്ടത്. അതിന് ദൈവത്തിന്റെ ആലോചന നാം പൂർണ്ണമായി സ്വീകരിക്കണം. യേശുക്രിസ്തു ലോകത്തിൽ വന്ന് ഉപദേശിച്ച ഉപദേശങ്ങൾ കുറവില്ലാത്തതാണ്. തന്റെ ഉപദേശം തന്റേതല്ല, തന്നെ അയച്ചവന്റേതാണ് എന്ന് കർത്താവ് പറഞ്ഞു(യോഹന്നാൻ 7:16, 17). എന്നിട്ടും യെഹൂദന്മാരിൽ പലരും അവനിൽ വിശ്വസിക്കാതെ അവന്റെ വചനങ്ങളെ തള്ളിക്കളഞ്ഞു. കാരണം അവർക്ക് മനുഷ്യരുടെ സമ്പ്രദായങ്ങളായിരുന്നു വലുത്.

മഹാപുരോഹിതൻ യേശുവിന്റെ ശിഷ്യന്മാരെയും അവരുടെ ഉപദേശത്തെയും കുറിച്ച് ചോദിച്ചു. എന്നാൽ യേശു പറഞ്ഞത് താൻ രഹസ്യമായിട്ടല്ല പരസ്യമായിട്ടത്രെ സംസാരിച്ചത്(യോഹന്നാൻ 18:19). യേശുക്രിസ്തു അപ്പൊസ്തലന്മാരെ സകല സത്യവും കൊടുത്ത് ലോകത്തിലെങ്ങും അയച്ചു. അവർ അതു പൂർണ്ണമായി പാലിച്ചു. അവരുടെ വചനം കേട്ട് ആളുകൾ യേശുവിൽ വിശ്വസിക്കണം എന്നതായിരുന്നു ദൈവപദ്ധതി. അവർ നടത്തിയ പ്രവചനം നിറവേറിക്കൊണ്ടാണിരിക്കുന്നത്. "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും, സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും"(2തിമൊഥെയൊസ് 4:3, 4).

ക്രിസ്തു അപ്പൊസ്തലന്മാരെ പഠിപ്പിക്കയും അപ്പൊസ്തലന്മാർ ലോകത്തുള്ള സർവ്വ മനുഷ്യരേയും പഠിപ്പിക്കയും ചെയ്ത ഉപദേശരൂപമാണ് മനുഷ്യർക്ക് ആവശ്യം. പക്ഷെ വർഷങ്ങളായി ആളുകൾ തങ്ങൾക്ക് ഇഷ്ടമുള്ളതു സ്വീകരിക്കുകയും ഇഷ്ടമില്ലാത്തത് ത്യജിക്കയും ചെയ്തിരിക്കുന്നു. സ്വന്ത മോഹങ്ങളനുസരിച്ച് ഉപദേഷ്ടാക്കന്മാരെ പെരുക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ രക്ഷാമാർഗത്തിൽ ആളുകൾ മായം ചേർത്തിരിക്കുന്നു. നിസാരമെന്ന് തോന്നിക്കുന്ന മാറ്റങ്ങൾ വരുത്തി ആളുകളെ പഠിപ്പിക്കുകയും തിരുവെഴുത്തുകൾ പരിശോധിക്കാത്തവർ ആ ചതിയിലകപ്പെടുകയും ചെയ്യും. സമൂഹത്തിൽ കൗശലവും സൂത്രവും ഉപയോഗിച്ച് ആളുകളെ തങ്ങളുടെ വശത്താക്കുന്നർ ധാരാളമുണ്ട്. അതുകൊണ്ടാണ് തിരുവെഴുത്ത് നമ്മെ മുന്നറിയിച്ചിരിക്കുന്നത്. ദൈവത്തേക്കാൾ നാം

മനുഷ്യരെ അനുസരിക്കേണ്ട ആവശ്യമില്ല. കാരണം അത് പാപമാണ്. നമുക്ക് എന്തു തോന്നുന്നു എന്നോ, മനുഷ്യർ എന്തു വിചാരിക്കുമെന്നോ അല്ല നാം ചിന്തിക്കേണ്ടത്. ദൈവം എന്തു വിചാരിക്കും എന്നാണ്. ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊൾവിൻ എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. ദൈവം ആഗ്രഹിക്കുന്നത് ഐക്യതയാണ്. ഭിന്നിപ്പിക്കുന്നത് പിശാചിന്റെ തന്ത്രമാണ്. നാം അവന്റെ സൂത്രങ്ങൾ അറിയാത്തവരല്ലല്ലൊ. വിപരീതോപദേശം ജനങ്ങളുടെ ഹൃദയങ്ങളിലെത്തിക്കുകയും ആളുകളെ കലക്കി കളയുകയും ചെയ്യുന്ന പ്രവണത നാം തിരിച്ചറിയണം.

ദൈവവചനത്തിനു വിരുദ്ധമായ ഉപദേശങ്ങളും ആചാരങ്ങളും സമൂഹത്തിൽ വളരുമ്പോൾ, അങ്ങനെയുള്ളവരിലേക്ക് ദൈവശക്തിയുടെ മർമ്മം എത്തുകയില്ല. തിരുവെഴുത്തുകളാണ് മനുഷ്യജീവിതത്തിൽ ഉണ്ടാകേണ്ടത്. ആത്മിയമായി നമ്മെ ജീവിപ്പിക്കുന്നത് വചനമാണ്. വചനം വിശ്വാസയോഗ്യമാണ്. ദൈവം വിശ്വസ്തനും സത്യവാനുമാണ്. ക്രമം കെട്ട് ജീവിക്കുന്ന സമൂഹത്തിന് ക്രമമുള്ള ജീവിതം നയിക്കുവാൻ വചനമാണ് ഏക മാർഗം. ലൗകികമായ കാഴ്ച്ചപ്പാട് വെച്ചു പുലർത്തുന്ന ഏതൊരു മനുഷ്യനും ആത്മിക കാഴ്ച്ചപ്പാടുണ്ടായാൽ മാത്രമെ അവന്റെ ജീവിതത്തിന് അർത്ഥമുണ്ടാകു.

സുവിശേഷത്താലാണ് മനുഷ്യന് ജീവനും അക്ഷയതയും ഉണ്ടാകുന്നത്. അതിനാണ് ദൈവം തന്റെ കൃപ യേശുക്രിസ്തു മുഖാന്തരം വെളിപ്പെടുത്തിയത്(1തിമൊഥെയൊസ് 1:10). വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസമാണ് എല്ലാവരിലും ഉണ്ടാകേണ്ടത്. ഒരു വ്യക്തിയുടെ ജീവിതം ദൈവത്താൽ അംഗീകരിക്കപ്പെടേണ്ടതിന് നാം കർത്താവിന്റെ വചനം വിശ്വസിച്ച് അനുസരിക്കുന്നവരാകണം. ദൈവദാസന്മാർ ദൈവത്തിന്റെ വചനം അറിയിക്കുമ്പോൾ അത് നാം സൗമ്യതയോടെ കൈക്കൊള്ളണം. ഈ ലോകം നമുക്ക് ശാശ്വതമല്ല. മരണം ഏതു നിമിഷവുമുണ്ടാകാം. കർത്താവ് ഏതു നിമിഷവും മടങ്ങി വരാം. അവന്റെ വരവിൽ നാം ലജ്ജിതരാകാതിരിക്കേണ്ടതിന് നാം മുടക്കം കൂടാതെ അവന്റെ ഹിതം നിറവേറ്റുന്നവരായിരിക്കണം. വിശ്വാസമില്ലാതെ എന്തു ചെയ്താലും അത് പ്രയോജനപ്പെടുകയില്ല എന്നോർക്കുക.

# യഥാർത്ഥ ഭക്തി

## വെൻഡൽ വിങ്ക്ളർ

നമ്മുടെ സമൂഹത്തിൽ ആവശ്യങ്ങളുള്ളവർ ധാരാളമുണ്ട്. പ്രത്യേകിച്ച് അനാഥരും വിധവമാരും സമൂഹത്തിൽ പിന്തള്ളപ്പെട്ടിരിക്കുന്ന ഒരു വിഭാഗമാണ്. പല കാരണങ്ങൾകൊണ്ടാണ് അവരങ്ങനെ ആയത്. ഏത് കാരണം കൊണ്ടായാലും അവരുടെ പശ്ചാത്തലം എന്തായാലും അവരുടെ ഇപ്പോഴത്തെ അവസ്ഥ നാം കാണണം. അവരുടെ സങ്കടങ്ങൾ പരിഹരിക്കണം. അതിന് വ്യക്തികൾക്കും സഭകൾക്കും ഉത്തരവാദിത്തമുണ്ട്. ആദ്യമായി സഭ യെരുശലേമിൽ ആരംഭിച്ചപ്പോൾ അവിടെ ഉണ്ടായിരുന്നവരുടെ മുട്ടുതീർക്കുവാൻ പ്രാദേശിക വാസികൾ തങ്ങളുടെ വസ്തുവകകൾ വിറ്റുകൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു വെച്ചു. അവർ അത് ഓരോരുത്തരുടേയും ആവശ്യാനുസരണം പങ്കിട്ടു കൊടുത്തു. അത് ഒരു സാമൂഹ്യസേവനമാണ്. സഭയുടെ സൽപ്പേര് ഉയർത്തുന്ന പ്രവർത്തികളാണ് അവർ ചെയ്തുവന്നത്(പ്രവൃത്തികൾ 2:44, 45).

ദരിദ്രർക്കും വിധവമാർക്കും അനാഥർക്കും ദൈവം എല്ലായ്പോഴും സംരക്ഷണം നൽകിയിട്ടുണ്ട്. ശബ്ബത്ത് ആചരിച്ചിരുന്ന യെഹൂദന്മാർക്കിടയിലും അത് വാസ്തവമായിരുന്നു(പുറപ്പാട് 23:10, 11). സഹോദരന്മാരായാലും പരദേശിയായാലും അവർ ദരിദ്രരായാലും മുട്ടുള്ളവരായാലും അവരുടെ വേദന അകറ്റണം എന്നു ദൈവം കൽപിച്ചിരുന്നു(ആവർത്തനപുസ്തകം 24:14). അഗതികളുടെ ആവശ്യത്തെ ദൈവം മറക്കുകയില്ല എന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു. എളിയവരുടെ പീഢയും ദരിദ്രന്മാരുടെ ദീർഘശ്വാസവും നിമിത്തം ഇപ്പോൾ ഞാൻ എഴുന്നേൽക്കും. രക്ഷെക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും(സങ്കീർത്തനങ്ങൾ 12:5). എളിയവരെയും ദരിദ്രരെയും ഞാൻ ഒരുനാളും കൈവിടുകയില്ല എന്ന് ദൈവം നമ്മെ ഓർപ്പിച്ചിരിക്കുന്നു. നീ എളിയവന്ന് ഒരു ദുർഗവും ദരിദ്രന്ന് അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും, ഉഷ്ണത്തിൽ ഒരു തണലുമായിരിക്കുന്നു(യെശയ്യാവ്

25:4). ദൈവം എല്ലാവരുടെയും വിടുവിപ്പുകാരനാണ്. പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ട നിരാലംബരായിരിക്കുന്നവരെ അവൻ അതിൽനിന്നു വിടുവിക്കും(സങ്കീർത്തനങ്ങൾ 35:10). യാക്കൊബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശ യുള്ളവൻ ഭാഗ്യവാൻ. അവൻ ആകാശവും, ഭൂമിയും, സമുദ്രവും, അവയിലുള്ള സകലവും ഉണ്ടാക്കി. അവൻ എന്നേക്കും വിശ്വസ്തത കാക്കുന്നു. പീഡിതന്മാർക്ക് അവൻ ന്യായം പാലിച്ചുകൊടുക്കുന്നു, വിശപ്പുള്ളവർക്ക് അവൻ ആഹാരം നൽകുന്നു; യഹോവ ബദ്ധ ന്മാരെ അഴിച്ചുവിടുന്നു. യഹോവ കുരുടന്മാർക്ക് കാഴ്ച്ച കൊടു ക്കുന്നു. യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവിർത്തുന്നു, യഹോവ നീതിമാന്മാരെ സ്നേഹിക്കുന്നു. യഹോവ പരദേശികളെ പരിപാലി ക്കുന്നു. അവൻ അനാഥരെയും വിധവമാരെയും സംരക്ഷിക്കുന്നു. എന്നാൽ ദുഷ്ടന്മാരുടെ വഴി അവൻ മറിച്ചുകളയുന്നു(സങ്കീർത്തന ങ്ങൾ 146:5-10).

ദരിദ്രനെ അവഗണിക്കുകയും അവനോട് മോശമായി പെരുമാ റുകയും ചെയ്യുന്നവൻ ഭോഷനത്രെ. അഗതികൾക്ക് ന്യായപാലനം നടത്തുന്ന രാജാവിന്റെ സിംഹാസനം എന്നേക്കുമിരിക്കും. ദരിദ്രന് ന്യായപാലനം ചെയ്യുക എന്നത് ഓരോ ദൈവപൈതലിന്റേയും ചുമ തലയാണ്. അതിൽനിന്നു നാം പുറകോട്ട് മാറരുത്. ഒരു ക്രിസ്ത്യാ നിയുടെ വിശ്വാസം പ്രവൃത്തിയോടെയാണ് പൂർണ്ണമാകുന്നത്. ഈ ലോകത്തിലെ ധനവാന്മാരോട് ഉന്നതഭാവം കൂടാതെ ഇരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്ക് സകലവും ധാരാളമായി അനു ഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശ വെപ്പാനും നന്മ ചെയ്വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവ രുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന് ആജ്ഞാ പിക്ക(1തിമൊഥെയൊസ് 6:17, 18). എന്നാൽ വേല ചെയ്യാതെ പര ക്കാര്യം നോക്കി നടക്കുന്ന ആളുകളോട് നമുക്ക് കടപ്പാടില്ല എന്നോർക്കണം. ജോലി ചെയ്യാതെ മറ്റുള്ളവരുടെ വരുമാനത്തെ ചൂഷണം ചെയ്യുന്നവരെ നാം പ്രോൽസാഹിപ്പിക്കരുത്.

നമ്മുടെ കർത്താവ് ദരിദ്രരോടും അഗതികളോടും കാണിച്ച മന സലിവ് നമുക്ക് മാതൃകയാക്കാവുന്നതാണ്. നല്ല ശമര്യക്കാരന്റെ ഉപമയിൽ യേശു നമ്മെ പഠിപ്പിക്കുന്ന പാഠം വളരെ ഉയർന്നതാണ്.

മുറിവേറ്റ് സർവ്വവും നഷ്ടപ്പെട്ട് വേദനകൊണ്ട് പുളയുന്ന ആൾ ആരായാലും ശരി അയാൾക്ക് മുറി കെട്ടി ചെലവിനുള്ള പണവും കൊടുത്തിട്ടാണ് ആ വഴിയാത്രക്കാരൻ പോകുന്നത്. ഒരാളുടെ യഥാർത്ഥ കൂട്ടുകാരൻ ആരെന്ന് നല്ല ശമര്യക്കാരൻ തെളിയിച്ചു. ദൈവരൂപത്തിലായിരുന്ന കർത്താവ് മനുഷ്യവേഷം ധരിച്ച് ഈ ഭൂമിയിൽ വന്നത് മനുഷ്യരോടുള്ള മനസലിവ് പ്രമാണിച്ചാണ്(ഫിലിപ്പിയർ 2:5). യേശു നോക്കിയപ്പോൾ ഇടയനില്ലാത്ത ആടുകളെ പോലെ ജനത്തെ കണ്ടപ്പോൾ അവന് അവരോട് മനസലിവുണ്ടായി, രോഗത്താലും വ്യാധികളാലും വിഷമിച്ചിരുന്നവരെ കണ്ട് അവരോടുള്ള മനസലിവ് നിമിത്തം അവൻ അവരെ സൗഖ്യമാക്കി. അവന്റെ അടുക്കൽ വന്ന ഒരു രോഗിയേയും അവൻ സൗഖ്യമാക്കാതെ വിട്ടില്ല.

പ്രാരംഭ സഭയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ മറ്റു സഭകളിലുള്ള സഹോദരന്മാരുടെ മുട്ടു തീർക്കുവാൻ അവർ സഹായം എത്തിച്ചുകൊടുത്തിരുന്നു. അന്ത്യോക്യയിലുണ്ടായിരുന്നവർ യെരുശലേമിലുള്ളവരുടെ മുട്ടുതീർക്കുവാൻ സാമ്പത്തിക സഹായം എത്തിച്ചുകൊടുത്തു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവർ ശേഖരിച്ച ധർമ്മശേഖരം ഇപ്രകാരമുള്ള സഹായത്തിനും സുവിശേഷ പ്രവർത്തനങ്ങൾക്കുമായാണ് ചെലവഴിച്ചിരുന്നത്. സഹോദരങ്ങളോടുള്ള അവരുടെ അനുകമ്പ അവർ പ്രാവർത്തികമാക്കി. ദൈവസ്നേഹം നാം ഇങ്ങനെയാണ് മറ്റുള്ളവരിലേക്ക് എത്തിക്കുന്നത്.നമുക്ക് ലഭിച്ചിരിക്കുന്ന കൽപനയും മാതൃകയും നാം പിൻപറ്റുമ്പോൾ, സഭയിലെ അംഗങ്ങളെ മാത്രമല്ല പുറത്തുള്ളവരെയും നാം പരിഗണിക്കണം. അത് ദൈവസന്നിധിയിൽ പ്രസാദകരമാണ്. കർത്താവന്റെ സഭ സമൂഹത്തിൽ പ്രകാശമായി തീരണം. നമ്മുടെ സൽപ്രവൃത്തികൾ കണ്ട് ലോകത്തുള്ളവർ ദൈവത്തെ മഹത്വപ്പെടുത്തണം. ഒരു പ്രാദേശിക ഇടവകക്ക് മറ്റൊരു ഇടവക ചെയ്യുന്ന സൽപ്രവൃത്തികളിൽ പങ്കു ചേരാവുന്നതാണ്(2കൊരിന്ത്യർ 9:12-13).

യേശുക്രിസ്തു മലപ്രസംഗത്തിൽ പറഞ്ഞ സുവർണ്ണനിയമം നാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നത് ഇങ്ങനെയാണ്. മറ്റുള്ളവർ നമുക്ക് ചെയ്യേണം എന്നു നമുക്ക് തോന്നുന്നത് നാം അവർക്ക് ചെയ്യേണം. മറ്റുള്ളവരെ സഹായിക്കുക എന്നത് ഒരു ദൈവികവരമാണ്. എല്ലാവർക്കും അതു ലഭിച്ചെന്നുവരികയില്ല. ലഭിച്ച

വരം നാം ശരിയായി ഉപയോഗിച്ചാൽ നമുക്ക് ദൈവം കൂടുതൽ വരങ്ങൾ അഥവാ താലന്തുകൾ നൽകിയേക്കാം. ദരിദ്രരെയും വിധവമാരെയും നമുക്ക് വിവിധ രീതികളിൽ സഹായിക്കുവാൻ കഴിയും. ഒരുപക്ഷെ അവർക്ക് വീടില്ലായിരിക്കാം. അല്ലെങ്കിൽ അവരുടെ വീട്ടിൽ ആരെങ്കിലും രോഗികളായി കിടപ്പായിരിക്കാം. അതുമല്ലെങ്കിൽ വിദ്യാഭ്യാസം തടസപ്പെട്ടിരിക്കാം. അവരുടെ സങ്കടം എന്താണെന്ന് ചോദിച്ചറിഞ്ഞ് സഹായിക്കുകയാണ് വേണ്ടത്. അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെവണ്ണം തന്നെത്താൻ സൂക്ഷിച്ചുകൊള്ളുന്നതുമാണ് യഥാർത്ഥ ദൈവഭക്തി(യാക്കൊബ് 1:27).

അപ്പനില്ലാത്തവരോടും വിധവമാരോടും ദൈവം എല്ലായ്പോഴും കനിവ് കാണിച്ചിട്ടുണ്ട്. വിധവയെയും അനാഥനെയും ക്ലേശിപ്പിക്കരുത് എന്ന പഴയനിയമ കൽപന വളരെ ഗൗരവമുള്ളതായിരുന്നു( പുറപ്പാട് 22:2). പഴയനിയമത്തിൽ ആ കൽപന നിരവധി ഭാഗങ്ങളിൽ നമുക്ക് വായിക്കുവാൻ കഴിയും പഴയനിയമത്തിലും പുതിയ നിയമത്തിലും നിരാശ്രയരായ കുട്ടികളെ സംരക്ഷിക്കേണ്ട കടമ മാതാപിതാക്കളിലാണ്(2കൊരിന്ത്യർ 12:14; 1തിമൊഥെയൊസ് 5:8) സ്വന്ത കുടുംബത്തെ കരുതുകയും സംരക്ഷിക്കുകയും ചെയ്യാത്തവൻ വിശ്വാസം വിട്ടകന്ന് അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. വിധവമാർക്ക് മക്കളോ ചാർച്ചക്കാരോ ഉണ്ടെങ്കിൽ ആ വിധവമാരെ അവർ സംരക്ഷിക്കണം. മറ്റാരും ഇല്ലെങ്കിൽ സാക്ഷാലുള്ള വിധവമാരുടെ സംരക്ഷണം സഭ ഏറ്റെടുക്കണം. രോഗമോ ക്ഷാമമോ നിമിത്തം കഷ്ടപ്പെടുന്നവരുണ്ടാകാം. അങ്ങനെയുള്ള പ്രത്യേകമായ സാഹചര്യങ്ങളിൽ സഹായം ആവശ്യമുള്ള വ്യക്തികൾക്ക് സഹായം നൽകണം. അതിന് ജാതി, മത, വർഗ വ്യത്യാസം നാം നോക്കരുത്(പ്രവൃത്തികൾ 11:28-30).

വിധവകളുടെ പരാതികൾ പരിഹരിക്കുന്ന മാതൃക നമുക്ക് അപ്പൊസ്തലന്മാർ കാണിച്ചുതരുന്നുണ്ട്(പ്രവൃത്തികൾ 6:1-8). സഭ കർത്താവിനാൽ സ്ഥാപിതമായതാണ്. ദൈവികമായ ഉദ്ദേശം നിറവേറ്റുവാൻ സഭയിൽ ദൈവം സർവ്വ സമ്പൂർണ്ണതയും നൽകിയിരിക്കുകയാണ്. കൂട്ടായ്മ എന്ന വാക്കിന്റെ അർത്ഥം തന്നെ പങ്കിടൽ എന്നാണ്. ഓരോരുത്തനും തനിക്കുള്ളത് ചരതിച്ചു വെച്ച് ധർമ്മശേഖരത്തിൽ

നൽകുന്നത് ആ പങ്കിടലിനു വേണ്ടിയാണ്. കൊടുക്കുന്നവർക്ക് ലഭിക്കും. ഉദാരമായി കൊടുക്കുന്നവർക്ക് ദൈവം ഉദാരമായി നൽകും. ഏറ്റവും ചെറിയ ഒരാൾക്ക് നൽകുന്നത് നാം യേശുവിന് ചെയ്തതാണെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. വിശപ്പുള്ളവരുടെ വിശപ്പ് അകറ്റുന്നതും ദാഹിക്കുന്നവരുടെ ദാഹം അകറ്റുന്നതും ദൈവേഷ്ടമാണ്. രോഗികളെ ശുശ്രൂഷിക്കുന്നതും തടവിലുള്ളവരെ സന്ദർശിക്കുന്നതും അവർക്ക് ആശ്വാസം പകരുന്നതാണ്. കർത്താവിന്റെ ശിഷ്യന്മാരുടെ കടമയാണ് അവയെല്ലാം.

അപ്പോൾ സാമൂഹ്യസേവനം എന്നത് ദൈവപദ്ധതിയുടെ ഭാഗമാണ്. വ്യക്തികൾക്കും സഭയായും ചെയ്യാവുന്ന ധാരാളം പ്രവൃത്തികൾ നാം കാണാതെ പോകരുത്. ലോകത്തുള്ള മനുഷ്യർ അത് തങ്ങളുടെ കടമയല്ല, സർക്കാരിന്റെ കടമയാണ് എന്നു കരുതി രാഷ്ട്രീയപാർട്ടികളെ കൊണ്ട് മുറവിളി കൂട്ടുന്നു. നല്ല മനോഭാവമുള്ളവർക്കേ അനുകമ്പയും മനസലിവും കാണിക്കുവാൻ പറ്റു. യേശുക്രിസ്തു ലോകത്തോട് പറഞ്ഞത് അദ്ധ്വാനിക്കയും ഭാരം ചുമക്കയും ചെയ്യുന്നവൻ എന്റെ അടുക്കൽ വന്നാൽ അവർക്ക് ആശ്വാസം ഉണ്ടാകും എന്നാണ്(മത്തായി 11:28, 29). നാം അത്തരം സൽപ്രവൃത്തികൾ ചെയ്യുമ്പോൾ സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുകയാണ്. നമ്മുടെ മരണശേഷവും അവ നമ്മെ പിൻപറ്റും.

ക്രിസ്തുവിനെ ശുശ്രൂഷിക്കുന്ന യഥാർത്ഥ പ്രവർത്തകർക്ക് സന്തോഷം ലഭിക്കും(സദൃശവാക്യങ്ങൾ 14:31). നാം കരുണ കാണിച്ചാൽ നമുക്ക് കരുണ ലഭിക്കും(മത്തായി 5:7). നാം കരുണയും മനസലിവും കാണിച്ചില്ലെങ്കിൽ നമ്മോടും അത് കാണിക്കുകയില്ല. ഭൗതികമായി ജീവിക്കുന്ന നമ്മുടെ ഓരോ ആവശ്യവും ദൈവം ആണ് നിറവേറ്റി തരുന്നത് എന്ന കാര്യം നാം ഓർക്കണം(സദൃശവാക്യങ്ങൾ 22:9). ദൈവേഷ്ടപ്രകാരം നന്മ ചെയ്താൽ നമുക്ക് ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കും. എന്നാൽ, നാം അത് ചെയ്തില്ലെങ്കിൽ അത് പാപമായി ദൈവം കണക്കിടും എന്ന കാര്യം മറക്കരുത്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. എല്ലാവർക്കും സമത്വം വേണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

✶

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

# അതുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നു

## ബെർട്ട് തോംസൺ

നമ്മുടെ ഓരോ പ്രവൃത്തിക്കും ഓരോ കാരണങ്ങളുണ്ട്. ഭൗതികമായാലും ആത്മികമായാലും അന്യോന്യമുള്ള ബന്ധം ഉറപ്പുള്ളതാക്കുന്നത് പരസ്പരവിശ്വാസമാണ്. ഭാര്യയും ഭർത്താവും തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലും അത് വാസ്തവമാണ്. വിശ്വാസം നഷ്ടപ്പെട്ടാൽ ബന്ധം ഉലയും. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്ന ആളാണോ? മനുഷ്യർ ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? യേശുക്രിസ്തു ദൈവപുത്രനാണെന്നും ലോകരക്ഷിതാവാണെന്നും നിങ്ങൾ വാസ്തവമായി വിശ്വസിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾ നല്ല ഒരു അവസ്ഥയിലാണ്. ലോകത്തിൽ വിശ്വാസികളായി അറിയപ്പെടുന്നവർ ധാരാളമുണ്ട്. നിങ്ങളുടെ വിശ്വാസം ആധികാരികമാകണമെങ്കിൽ, അത് തിരുവചനപ്രകാരമായിരിക്കണം. ദൈവപ്രസാദം ലഭിക്കണമെങ്കിൽ വിശ്വാസം അനിവാര്യമാണ്. വിശ്വാസം ഒരാളുടെ ഹൃദയത്തിലുണ്ടാകണം. ആത്മാർത്ഥമായ വിശ്വാസം സംശയരഹിതമായിരിക്കും. അതിന് അനന്തരഫലവുമുണ്ടാകും. പ്രത്യാശ നൽകുന്നതാണ് യഥാർത്ഥ വിശ്വാസം.

പ്രകൃതിയും അതിന്റെ നിലനിൽപും ദൈവശക്തിയിൽ അധിഷ്ഠിതമാണ്. ഈ ലോകത്തുള്ള ജീവനുള്ളവ ദൈവത്തെ വർണ്ണിക്കുന്നു. ഭൂമി ചുറ്റിക്കൊണ്ടാണിരിക്കുന്നത്. അതേസമയം നാം ഭൂമിയിൽ വസിക്കുന്നു. പകലും രാവും വിവിധ രീതിയിലുള്ള കാലാവസ്ഥയും നമുക്ക് അനുഭവപ്പെടുന്നു. അവയെല്ലാം ദൈവത്തിൽ വിശ്വസിക്കുന്നതിനുള്ള കാരണങ്ങളാണ്. ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത കാരണങ്ങൾ നിമിത്തം നാം ദൈവത്തിൽ വിശ്വസിക്കുന്നു. ദൈവത്തെ കൂടാതെ നമ്മുടെ ജീവിതം അസാധ്യമാണ്. അവിശ്വാസികളും നിരീശ്വര വാദികളും നിരവധി കാരണങ്ങൾ നിരത്തുന്നുണ്ട്. പക്ഷെ അവയ്ക്കൊന്നും ആധികാരിക തെളിവുകളില്ല. പരിണാമ സിദ്ധാന്തം പോലെയാണ് അവയെല്ലാം. ദൈവം ഉണ്ട് എന്നും ആ ദൈവമാണ് സകലത്തെയും നിയന്ത്രിക്കുന്നത് എന്നും നാം തിരിച്ചറിഞ്ഞ് ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378